(എഫ്) ഇല്ലെങ്കിൽ ജില്ലാ ബാങ്കിന്റെ നടപടി ചട്ടങ്ങൾക്കും നടപടി ക്രമങ്ങൾക്കും വിരുദ്ധമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലാ ബാങ്കിൽ നിന്നും റബ്കോ വായ്പ എടുത്തിട്ടില്ല.

(ബി) കോട്ടയം ജില്ലാ ബാങ്കിന് റബ്കോയിൽ 17 കോടി രൂപ സ്ഥിര നിക്ഷേപമായുണ്ട്.

(സി) കോട്ടയം ജില്ലാ സഹകരണ ബാങ്കിനു പുറമേ എറണാകുളം ജില്ലാ ബാങ്ക് അഞ്ച് കോടി രൂപയും പാലക്കാട് ജില്ലാ ബാങ്ക് പതിനഞ്ചു കോടി രൂപയും റബ്കോയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) 1969-ലെ കേരള സഹകരണ നിയമം 57 വകുപ്പനുസരിച്ച് സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി നിക്ഷേപം നടത്താം.

(ഇ-ജി) ബാധകമല്ല.

നീതി മെഡിക്കൽ സ്റ്റോറുകൾ

107(323) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യമായ എല്ലാ മരുന്നുകളും നീതിമെഡിക്കൽ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മരുന്നു കമ്പനികൾ നീതിമെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുകൾ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നീതിമെഡിക്കൽ സ്റ്റോറുകൾ കൂടുതൽ വ്യാപകവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നൂറ് "നീതി സ്റ്റോറുകൾ" പ്രവർത്തിക്കുന്നുണ്ട്.

(ബി) ചില മരുന്നുകൾ വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില കമ്പനികൾ നീതിമെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുകൾ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആദ്യഘട്ടത്തിൽ 100 നീതിമെഡിക്കൽ സ്റ്റോറുകൾ സംസ്ഥാനത്ത് ആരംഭിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും പദ്ധതി വ്യാപകമാക്കുകയാണ് സർക്കാരിന്റെ ഇപ്പോഴത്തെ നയം. അതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതൽ നീതിമെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ 153 നീതിമെഡിക്കൽ സ്റ്റോറുകളും കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 13 നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങാനുള്ള അനുമതി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. പ്രമുഖ മരുന്നുല്പാദക കമ്പനികളടക്കമുള്ള എല്ലാ മരുന്നുൽപ്പാദക കമ്പനികളുടേയും മരുന്നുകൾ നീതിമെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഈ പദ്ധതി കൂടുതൽ ഫലപ്രദ മാക്കുന്നതായിരിക്കും.

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപം

108(324) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ സഹകരണബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും എന്തു തുക വീതം ഇപ്പോൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) എത്ര നാളത്തേയ്ക്കാണ് തുക നിക്ഷേപിച്ചിട്ടുള്ളത് ;

(സി) ഇപ്രകാരം പണം നിക്ഷേപിക്കാനുള്ള കാരണം വിശദമാക്കുമോ ;

(ഡി) സഹകരണ ബാങ്കുകളുടെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം സഹകരണബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന് ഇപ്പോൾ യാതൊരു തുകയും ട്രഷറിയിൽ നിക്ഷേപമായില്ല. സംസ്ഥാനത്തെ 9 ജില്ലാ സഹകരണ ബാങ്കിന് താഴെ പറയുന്ന പ്രകാരമുള്ള തുക ട്രഷറിയിൽ നിക്ഷേപമായുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly